പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 351 — 28.11.2018 -ൽ മറുപടിക്ക്.

## പ്രളയാനന്തരം കേന്ദ്ര സർക്കാർ അനുവദിച്ച ഭക്ഷ്യധാന്യം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |

(എ) 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തെ തുടർന്ന് കേന്ദ്ര സർക്കാർ എത്ര ടൺ ഭക്ഷ്യധാന്യം ഏത് നിരക്കിൽ അനുവദിച്ചു; വ്യക്തമാക്കുമോ ;

(എ) 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തെ തുടർന്ന് 89540 മെ.ടൺ ഭക്ഷ്യ ധാന്യമാണ് കേന്ദ്ര സർക്കാർ അനുവദിച്ചത്. അരിയുടെ താങ്ങു വില നിരക്കിലാണ് (എം എസ് പി ഡിറൈവ്ഡ് പ്രൈസ്) ടി ധാന്യം അനുവദിച്ചിട്ടുള്ളത്. വിവിധ എഫ്.സി.ഐ ഡിപ്പോ കളിലെ സ്റ്റോക്കിന്റെ ലഭ്യതയനുസരിച്ച വിവിധ നിരക്കിലാണ് പ്രസ്തുത ഭക്ഷ്യധാന്യം ലഭ്യമായിട്ടുള്ളത്. നിരക്കുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്റ്റോക്കിന്റെ കാലയളവ് / സ്റ്റോക്കിന്റെ ഇനം | നിരക്ക് /കിന്റലിന് |
|---|---|---|
| 1 | കെ എം എസ് 2016-17 പുഴുക്കലരി ഗ്രേഡ് -A | 2220.59 |
| 2 | കെ എം എസ് 2017-18 പുഴുക്കലരി ഗ്രേഡ് -A | 2338.24 |
| 3 | കെ എം എസ് 2017-18 പുഴുക്കലരി കോമൺ | 2279.41 |
| 4 | കെ എം എസ് 2016-17 പച്ചരി ഗ്രേഡ് -A | 2253.73 |
| 5 | കെ എം എസ് 2017-18 പച്ചരി ഗ്രേഡ് -A | 2373.13 |
| 6 | കെ എം എസ് 2017-18 പച്ചരി കോമൺ | 2313.43 |
| 7 | കെ എം എസ് 2016-17 പച്ചരി കോമൺ | 2194.03 |

| | |
|---|---|
| **(ബി)** അനുവദിച്ച മുഴുവൻ ഭക്ഷ്യധാന്യവും ഏറ്റെടുത്തിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എത്ര ടൺ ഏറ്റെടുത്തെന്നും ബാക്കി ഏറ്റെടുക്കാതിരുന്നത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ ; | **(ബി)** അനുവദിച്ച മുഴുവൻ ഭക്ഷ്യധാന്യവും ഏറ്റെടുത്തിട്ടുണ്ട്. |
| **(സി)** പ്രസ്തുത ഭക്ഷ്യധാന്യം പൂർണ്ണമായും പ്രളയ ബാധിതർക്കായി വിതരണം ചെയ്തോ എന്ന് അറിയിക്കുമോ? | **(സി)** പ്രസ്തുത ഭക്ഷ്യധാന്യം പ്രളയത്തോടനുബന്ധിച്ച് തന്നെ പ്രളയബാധിതർക്ക് ഒരു കാർഡിന് 5 കി.ഗ്രാം വീതം സൗജന്യ നിരക്കിൽ നൽകിയിരുന്നു. തുടർന്നുള്ള മാസങ്ങളിൽ (സെപ്റ്റംബർ മുതൽ ഡിസംബർ വരെ) വിതരണത്തോത് കുറവുള്ള മുൻഗണനേതര വിഭാഗത്തിന് കാർഡിന് പ്രതിമാസം 5 കി.ഗ്രാം അരി വീതം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ